LIBRARY ARCHIVES Kerala Legislative Assembly

വക്കീൽ ഗുമസ്ഥന്മാരുടെ ക്ഷേമനിധി അപേക്ഷകൾ

98(5257) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കീൽ ഗുമസ്ഥന്മാരുടെ ക്ഷേമനിധി അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി അംഗങ്ങളായ വക്കീൽ ഗുമസ്തന്മാർ ക്ഷേമനിധി ആനുകൂല്യങ്ങൾക്കായി സമർപ്പിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് നിലവിൽ കാലതാമസമുണ്ടാകുന്നില്ല.

(ബി) വക്കീൽ ഗുമസ്തന്മാരെ ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി അംഗങ്ങളായ വക്കീൽ ഗുമസ്തന്മാരെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി മുഖാന്തരം ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്.

കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ

99(5258) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ എന്നാണ് രൂപീകൃതമായതെന്ന് അറിയിക്കുമോ; പ്രസ്തുത കോർപ്പറേഷൻ എന്നാണ് പ്രവർത്തനമാരംഭിച്ചതെന്ന് അറിയിക്കുമോ?

24-12-2011-ലെ സ.ഉ.(എം.എസ്) 191/2011/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കളിമൺ പാത്ര നിർമ്മാണം കുലത്തൊഴിലാക്കി സ്വീകരിച്ചിട്ടുള്ള സമുദായങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ രൂപീകരിച്ചു. 2020 മാർച്ച് മാസത്തിൽ ഓഹരി മൂലധനം അനുവദിച്ചപ്പോൾ കമ്പനി പ്രവർത്തനമാരംഭിച്ചു.

(ബി) കോർപ്പറേഷന് ഇതേവരെയായി ഓഹരി മൂലധനമായി എത്ര രൂപ നൽകിയിട്ടുണ്ടെന്നറിയിക്കുമോ; ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

കോർപ്പറേഷന് 1.25 കോടി രൂപ ഓഹരി മൂലധനമായി ലഭിച്ചിട്ടുണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) എത്ര തസ്തികകളാണ് പ്രസ്തുത കോർപ്പറേഷനിൽ നാളിതുവരെയായി സൃഷ്ടിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോർപ്പറേഷനിൽ സ്ഥിരം തസ്തികകളൊന്നും ഇതുവരെ സൃഷ്ടിച്ചിട്ടില്ല.

(ഡി) ഇതുവരെ സേവനമനുഷ്ഠിച്ച ചെയർമാൻമാരുടെയും മാനേജിംഗ് ഡയറക്ടർമാരുടെയും പേര് വിവരങ്ങൾ ലഭ്യമാക്കാമോ?

അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. *

(ഇ) പ്രസ്തുത വിഭാഗം ഉദ്യോഗസ്ഥർ ശമ്പളം, ടി.എ., അലവൻസുകൾ എന്നീ ഇനങ്ങളിൽ എത്ര രൂപ വീതം കൈപ്പറ്റിയിട്ടുണ്ടെന്നറിയിക്കുമോ?

അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. *

പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം

100(5259) ശ്രീ. സി. ആർ. മഹേഷ് : താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം ഇരുന്നൂറ് മീറ്ററായി കൂട്ടണമെന്ന നിയമസഭാ പരിസ്ഥിതി സമിതിയുടെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നറിയിക്കുമോ; ശിപാർശ നടപ്പാക്കുന്നതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിയമസഭാ പരിസ്ഥിതി സമിതിയുടെ ശിപാർശയിന്മേൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചുള്ള വിഷയം പരിശോധിച്ചുവരികയാണ്. ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 21-7-2020-ലെ OA No.304/2019-ന്മേലുള്ള ഉത്തരവു പ്രകാരം ജനവാസകേന്ദ്രങ്ങളിൽനിന്നും സ്ഫോടകവസ്തുക്കളുപയോഗിച്ച് ഖനനം നടത്തുന്ന സ്റ്റോൺ ക്വാറികളിലേയ്ക്കുള്ള ദൂരപരിധി 200 മീറ്ററായി നിജപ്പെടുത്തിയിട്ടുള്ളതാണ്. ട്രിബ്യൂണലിന്റെ മേൽ ഉത്തരവിനെതിരെ കേരളത്തിലെ ക്വാറിയുടമകൾ ഫയൽ ചെയ്തിട്ടുള്ള ഒരു കൂട്ടം SLP കേസുകൾ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly